**Malayala Manorama**

**17 August 2018**

**Alappuzha, Pathanamthitta, Flood, Flood Victims**

## വീടിന്റെ മുകൾനിലകളിൽ രക്ഷയുടെ

# തുരുത്തു തേടി..

ആലപ്പുഴ/ പത്തനംതിട്ട • വീടിന്റെ മുകൾനിലയിൽ രക്ഷയുടെ നിഴലുകളെങ്കിലും കാണാൻ കാത്തിരിക്കുന്നത് ആയിരങ്ങൾ. ബുധനാഴ്ച രാത്രി മുതൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്ന പത്തനംതിട്ട ജില്ലയിലെ റാന്നി, അയിരൂർ, കോഴഞ്ചേരി, ആറന്മുള, മാരാമൺ, പൂവത്തൂർ, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, പാണ്ടനാട്, മാന്നാർ, എടത്വ തുടങ്ങിയ ഭാഗങ്ങളിലെ ദയനീയമായ അഭ്യർഥനകൾ ഇന്നലെ പകൽ സമൂഹമാധ്യമങ്ങളിലും ഫോൺ സന്ദേശങ്ങളിലുമായി പ്രവഹിച്ചു.

രക്ഷാപ്രവർത്തകരുമായി ബന്ധപ്പെടാൻ കഴിയാതെ വീടുകളിൽ കുടുങ്ങിയവരും വിവരങ്ങൾ കിട്ടിയിടത്തെല്ലാം ഓടിയെത്താനാകാതെ രക്ഷാസേനക്കാരും തളർന്നു. 'ആരെങ്കിലും സഹായിക്കാനെത്തണേ...' എന്ന ദയനീയമായ അഭ്യർഥന സർക്കാർ ഓഫിസുകളിലേക്കും മാധ്യമസ്ഥാപനങ്ങളിലേക്കുമൊക്കെ ഒഴുകിയെത്തി.

വീട്ടുമുറ്റത്തും താഴത്തെ നിലയിലും വെള്ളം കയറിയപ്പോഴും അതിനു മുകളിലേക്കു വെള്ളം കയറാതെ സുരക്ഷിതരായിരിക്കുമെന്ന കണക്കുകൂട്ടലാണ് ഒറ്റ രാത്രികൊണ്ട് തകിടംമറിഞ്ഞത്. രണ്ടാം നില വരെ വെള്ളം ഇരച്ചുപൊന്തി. അതിനും മുകളിലെ ടെറസിലേക്കു കയറി. അക്കൂട്ടത്തിൽ കിടപ്പുരോഗികളും ഗർഭിണികളും കൊച്ചുകുട്ടികളുമൊക്കെ ഉണ്ടായിരുന്നു.

ഒറ്റ രാത്രി കൊണ്ടു മറ്റുള്ളവരിൽ നിന്ന് ഒറ്റപ്പെട്ട് എവിടെയോ ഒരു വെളിച്ചം കാണാമെന്ന പ്രതീക്ഷയിൽ കാത്തിരിക്കുന്ന ആയിരങ്ങളുടെ വിവരങ്ങളാണു സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുന്നത്. വെള്ളം നിമിഷനേരം കൊണ്ടു വീടിന്റെ താഴത്തെ നില കവർന്നതോടെ ഒന്നാം നിലയിൽ കാത്തിരിക്കുന്നവർ, കയറി നിൽക്കാൻ മറ്റൊരിടമില്ലാതെ തുറസായ ടെറസിൽ നിൽക്കുന്നവർ, ഇതൊന്നുമില്ലാതെ കഴുത്തറ്റം വെള്ളത്തിൽ വീടിനുള്ളിൽ രക്ഷാപ്രവർത്തകരെ പ്രതീക്ഷിച്ചിരിക്കുന്നവർ... ആ പട്ടിക നീളുന്നു.